പതിമൂന്നാം കേരള നിയമസഭ

ഏഴാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ .2039

12.02.13-ൽ മറുപടിക്ക്

## ക്ഷേമനിധിയുടെ മാറാട് കളക്ഷൻ സെന്റർ

| | ചോദ്യം | | ഉത്തരം |
|---|---|---|---|
| | ശ്രീ. എളമരം കരീം | | ശ്രീ. കെ.ബാബു (മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പ് മന്ത്രി) |
| (എ) | മത്സ്യത്തൊഴിലാളികളുടെ സമ്പാദ്യ പദ്ധതി ക്ഷേമനിധി വിഹിതം അടയ്ക്കുന്നതിന് 'മാറാട്' ഉണ്ടായിരുന്ന കളക്ഷൻ സെന്റർ പുന:സ്ഥാപിക്കണമെന്ന ആവശ്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | ഫിഷറീസ് വകുപ്പിലെ സമ്പാദ്യ സമാശ്വാസ പദ്ധതി വിഹിതം അടയ്ക്കുന്നതിന് മാറാട് ഒരു കളക്ഷൻ സെന്റർ പ്രവർത്തിച്ചിരുന്നു. മാറാട് കലാപത്തെ തുടർന്ന് സമ്പാദ്യ സമാശ്വാസ പദ്ധതിയുടെ കളക്ഷൻ മാറാട് നിന്ന് ബേപ്പൂർ ഫിഷറീസ് സ്റ്റേഷനിലേക്ക് മാറ്റുകയുണ്ടായി. ഈ കളക്ഷൻ സെന്റർ പുന:സ്ഥാപിക്കുന്നത് സംബന്ധിച്ച ആവശ്യം ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |
| (ബി) | കളക്ഷൻ സെന്റർ പുന:സ്ഥാപിക്കുന്നതിന് എന്തെങ്കിലും നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; | (ബി) | സമ്പാദ്യ പദ്ധതി വിഹിതം കളക്ഷൻ സംബന്ധിച്ച പരാതികൾ ലഭ്യമായിട്ടില്ലാത്തതിനാൽ നടപടികൾ സ്വീകരിച്ചിട്ടില്ല. |
| (സി) | ഇല്ലെങ്കിൽ നടപടി സ്വീകരിക്കുമോ? | (സി) | മാറാട് പ്രവർത്തിച്ചിരുന്ന സമ്പാദ്യ സമാശ്വാസ പദ്ധതിയുടെ കളക്ഷൻ സെന്റർ മാറാട് കലാപത്തെത്തുടർന്ന് ബേപ്പൂർ ഫിഷറീസ് സ്റ്റേഷനിലേക്ക് മാറ്റുകയുണ്ടായി. ആയത് പുന:സ്ഥാപിക്കുന്നതിന് വേണ്ടിയുള്ള അപേക്ഷകളൊന്നും ഇതുവരെ ലഭിച്ചിട്ടില്ല. ലഭ്യമാകുന്ന മുറയ്ക്ക് ഇക്കാര്യം പരിശോധിക്കുന്നതാണ്. |

Jayasree

സെക്ഷൻ ഓഫീസർ